©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 7 / Vol. VII — തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday — 2018 സെപ്റ്റംബർ 25 / 25th September 2018 — 1194 കന്നി 9 / 9th Kanni 1194 — 1940 ആശ്വിനം 3 / 3rd Aswina 1940 — നമ്പർ / No. 38

## PART III

## Notifications by Heads of Departments

# Agriculture Development and Farmers' Welfare Department

### ദർഘാസ് പരസ്യം

നമ്പർ ജി–1535/2017. 2018 സെപ്റ്റംബർ 7.

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി അവതരിപ്പിക്കുന്ന 'നൂറുമേനി' എന്ന വീഡിയോ പ്രോഗ്രാം കൈരളി ടി. വി., പീപ്പിൾ ടി. വി. (പുനഃസംപ്രേഷണം) എന്നീ ദൃശ്യ മാധ്യമങ്ങൾ വഴി സംപ്രേഷണം ചെയ്യാൻ സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ടി പരിപാടിയുടെ ഭാഗമായി കേരളത്തിലെ പ്രധാന കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തി 3 മിനിട്ട് ദൈർഘ്യമുള്ള 'ഒരു സിഗ്നേച്ചർ സോംഗ്' തയ്യാറാക്കി നൽകുന്നതിന് താൽപര്യമുള്ളവരിൽ നിന്നും ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. ടി ഗാനത്തിന്റെ രചന, സംഗീത സംവിധാനം, ആലാപനം എന്നിവ പൂർത്തിയാക്കി അനുയോജ്യവും ആകർഷകവുമായ രീതിയിൽ ചിത്രീകരിച്ച് (3 മിനിട്ട് ദൈർഘ്യം) DVD യിൽ പകർത്തി നൽകേണ്ടതാണ്. മേൽ സൂചിപ്പിച്ച ജോലികൾക്ക് പുറമേ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ (എഡിറ്റിംഗ്, മിക്സിംഗ് മുതലായവ ഉൾപ്പെടെ) ഉൾപ്പെടെയുള്ളവയുടെ ചെലവ് അടിസ്ഥാനപ്പെടുത്തിയാണ് തുക രേഖപ്പെടുത്തേണ്ടത്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്.

ടൂ കവർ സിസ്റ്റം മാതൃകയിലാണ് (ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും) ദർഘാസുകൾ സ്വീകരിക്കുന്നത്. മേൽ സൂചിപ്പിച്ച ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും ആയവയുടെ പേരുകൾ പ്രസ്തുത കവറുകളുടെ മുകളിലായി രേഖപ്പെടുത്തി ഒരു കവറിലാക്കി സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കവടിയാറുള്ള ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

### കുറിപ്പ്

കേരളത്തിലെ പ്രധാന കാർഷിക വിളകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം ഗാനം രചിച്ച് ചിത്രീകരിച്ച് നൽകേണ്ടത്. ഉപയോഗിക്കുന്ന ക്യാമറയ്ക്കുണ്ടായിരിക്കേണ്ട സ്പെസിഫിക്കേഷനുകൾ നിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളും സർട്ടിഫിക്കറ്റുകളും ടെക്നിക്കൽ ബിഡിനുള്ളിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ചിത്രീകരണത്തിനായി ഉദ്ദേശിക്കുന്ന ഗാനം എഴുതി തയ്യാറാക്കി ആയതിന്റെ ഒരു പകർപ്പ് (അസ്സൽ) ടെക്നിക്കൽ കവറിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ ഓഫീസിലെ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത ടെക്നിക്കൽ കവറുകൾ ആദ്യം പരിശോധിക്കുന്നതും

Gaz. No. 38/2018/DTP (Agriculture).

അതിൽ നിന്നും ടി കമ്മിറ്റി തെരഞ്ഞെടുക്കപ്പെടുന്നവരുടെ മാത്രം തുക രേഖപ്പെടുത്തിയ ദർഘാസുകൾ പരിശോധിക്കുന്നതും ടി ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസ് താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുമ്പോൾ എഴുതി തയ്യാറാക്കിയിട്ടുള്ള ഗാനത്തിന്റെ മികവും കൂടാതെ കരാറുകാരന്റെ മുൻപരിചയവും യോഗ്യതകളും വിലയിരുത്തിയായിരിക്കും കരാറുകാരെ തെരഞ്ഞെടുക്കുന്നത്.

കരാറുകാരനുണ്ടായിരിക്കേണ്ട സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും

ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ ഈ മേഖലകളിൽ മുൻ പരിചയമുള്ള ആളായിരിക്കണം. മുമ്പ് പ്രസ്തുത ജോലികൾ കേരള സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവക്കുവേണ്ടി ചെയ്ത് പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. അത്തരം പരിചയം ഉള്ളപക്ഷം മേൽ സൂചിപ്പിച്ച ജോലികളുടെ വർക്ക് ഓർഡർ, കരാർ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലുമോ എല്ലാമോ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

ടെക്നിക്കൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ടെക്നിക്കൽ ബിഡിൽ കരാറുകാരന്റെ സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്താത്ത ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുന്നതല്ല. മേൽ പറഞ്ഞ രീതിയിൽ സമർപ്പിച്ച സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധനാ വിധേയമാക്കുന്നതാണ്. കൂടാതെ കരാറുകാരന്റെ മുൻപരിചയം തെളിയിക്കുന്ന രേഖകളും ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.
2. കരാറിനോടൊപ്പം സമർപ്പിക്കുന്ന നിരതദ്രവ്യം (EMD), ഡിമാന്റ് ഡ്രാഫ്റ്റ് ടെക്നിക്കൽ ബിഡിൽ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

ഫോൺ നമ്പർ—0471 2317314.

അടങ്കൽ തുക—` 3,00,000.

നിരതദ്രവ്യം (EMD)—` 7,500. (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്.)

ദർഘാസ് ഫോറത്തിന്റെ വില :

അസ്സൽ—` 600 + ജി. എസ്. റ്റി.

പകർപ്പ്—` 300 + ജി. എസ്. റ്റി.

ദർഘാസ് ഫോറത്തിന്റെ വിൽപ്പന അവസാനിക്കുന്ന തീയതിയും സമയവും—28-9-2018, 11 മണി.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—28-9-2018, 1 മണി.

ദർഘാസ് (ടെക്നിക്കൽ ബിഡ്) തുറക്കുന്ന തീയതിയും സമയവും—28-9-2018, 3 മണി.

നിബന്ധനകൾ

1. HD ക്യാമറ കൊണ്ട് ചിത്രീകരണം നടത്തിയിരിക്കണം.
2. സിഗ്നേച്ചർ സോംഗിന്റെ ദൈർഘ്യം മൂന്ന് മിനിട്ട് ആയിരിക്കണം.

കൂടുതൽ വിവരങ്ങൾക്കായി ഫാം ഇൻഫർമേഷൻ ബ്യൂറോ ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ നേരിട്ടു വിളിക്കാവുന്നതാണ്.

(ഒപ്പ്)

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി. ഒ.,
തിരുവനന്തപുരം.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ.